# Malayala Manorama
# 28 August 2018
# Perumbavoor, After Flood, BLO, To Calculate Losses

## നഷ്ടം കണക്കാക്കാൻ ബിഎൽഒമാർ

പെരുമ്പാവൂർ / മൂവാറ്റുപുഴ ● പ്രളയനഷ്ടം വിലയിരുത്താൻ റവന്യു ഉദ്യോഗസ്ഥർ വീടുകളിലേക്ക്. ബ്ലോക്ക് ലെവൽ ഓഫിസർമാരാണ് (ബിഎൽഒ) വീടുകളിലെത്തി നഷ്ടക്കണക്ക് ശേഖരിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിലാണു സർക്കാർ പ്രഖ്യാപിച്ച ധനസഹായം നൽകുക. വില്ലേജ് ഓഫിസുകളിൽ വ്യാഴം, വെള്ളി ദിവസങ്ങളിൽ സ്വീകരിച്ച അപേക്ഷകളും ബ്ലോക്ക് ലെവൽ ഓഫിസർമാർ മാർഗരേഖയായി സൂക്ഷിക്കും.രണ്ടു ദിവസം വീടുകളിൽ വെള്ളം കെട്ടി നിന്ന വീടുകളുടെ ഉടമസ്ഥർക്കാണ് സഹായം നൽകുന്നത്. പതിനായിരം രൂപ വീതം അക്കൗണ്ടിലേക്കു നൽകും. നഷ്ടം വിലയിരുത്താനായി പോകുന്ന ബിഎൽഒമാർക്ക് പരിശീലനം നൽകി. അതത് വാർഡിലെ ജനപ്രതിനിധിക്കും, ബന്ധപ്പെട്ട റവന്യു വകുപ്പ് ഉദ്യോഗസ്ഥരോടും ഒപ്പമായിരിക്കും ബിഎൽഒമാർ വീടുകൾ സന്ദർശിച്ച് കണക്കെടുപ്പ് നടത്തുന്നത്.

എന്നാൽ, സർക്കാർ ധനസഹായം എത്തിക്കാനാണെന്ന വ്യാജേന അപേക്ഷാ ഫോമുകളുമായി ചിലർ വീടുകളിലെത്തുന്നതായി പരാതി ഉയരുന്നു. അക്കൗണ്ട് നമ്പർ ഉൾപ്പെടെ വീടുകളുടെ വിശദവിവരങ്ങൾ ഇവർ ശേഖരിക്കുന്നതായാണു പരാതി. പണം തട്ടിയെടുക്കാനാണോ എന്നാണു സംശയം.

ചില രാഷ്ട്രീയ കക്ഷികളുടെ പ്രതിനിധികളും ഇക്കൂട്ടത്തിലുണ്ടായിരുന്നു.

സർക്കാർ ധനസഹായം ഞങ്ങളുടെ ശ്രമഫലമായി ലഭ്യമാക്കുന്നതാണെന്നു ജനങ്ങളെ ബോധ്യപ്പെടുത്താനുള്ള ശ്രമമാണോ എന്നും സംശയമുണ്ട്.

ബിഎൽഒമാർ വഴി വിവരങ്ങൾ കൈമാറിയാൽ മതിയെന്നാണ് ഔദ്യോഗിക നിർദേശം. സ്വകാര്യ വ്യക്തികളെയോ സംഘടനകളെയോ വിവരങ്ങൾ ശേഖരിക്കാൻ നിയോഗിച്ചിട്ടില്ലെന്നും അധികൃതർ അറിയിച്ചു.